**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3396** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഗാർഹിക തൊഴിലാളികളുടെ ജോലി സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗാർഹിക തൊഴിലാളികളുടെ ജോലി സുരക്ഷയും വിവിധ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഗാർഹിക തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും അവർക്കെതിരായ ഉപദ്രവം, ആക്രമണം, സാമ്പത്തിക ചൂഷണം എന്നിവ തടയുന്നതിനും അവരുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനും വേണ്ടി കേരള ഗാർഹിക തൊഴിലാളി (തൊഴിൽ ക്രമപ്പെടുത്തലും സേവന വ്യവസ്ഥകളും) ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. വിവിധ ട്രേഡ് യൂണിയനുകളുടെയും NGO-കളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് കരട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട പ്ലേസ്മെന്റ് ഏജൻസികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ചൂഷണം തടയുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഗാർഹിക തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന സ്വകാര്യ പ്ലേസ്മെന്റ് ഏജൻസികളെ ക്രമീകരിക്കുന്നതിന് നിലവിൽ നിയമമില്ല. കേരള ഗാർഹിക തൊഴിലാളി (തൊഴിൽ ക്രമപ്പെടുത്തലും സേവന വ്യവസ്ഥകളും) ബില്ലിന്റെ കരടിൽ സ്വകാര്യ പ്ലേസ്മെന്റ് ഏജൻസിയുടെ രജിസ്ട്രേഷൻ, ഉത്തരവാദിത്വങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക തൊഴിലാളി ബിൽ നിയമമാകുന്ന മുറയ്ക്ക് പ്ലേസ്മെന്റ് ഏജൻസികളെ നിരീക്ഷിക്കുന്നതിനും ചൂഷണം തടയുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ